# ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം, തിരുവനന്തപുരം

വിഷയം:- ആ.വ.ഡ. - ജീവനക്കാര്യം - ശ്രീ. ഫസലുദീൻ എം, ലെ സെക്രട്ടറി & ട്രഷറർ - നെ പ്രസ്തുത തസ്തികയിൽ നിന്നും revert ചെയ്തുകൊണ്ടും ശ്രീ. സനൻ ബി, ലെ സെക്രട്ടറി & ട്രഷറർ - നെ തലശ്ശേരി ജനറൽ ആശുപത്രിയിൽ നിയമിച്ചുകൊണ്ടുമുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1) ഉത്തരവ് നം. ഇസി2/25679/2024/ആ.വ.ഡ, തീയതി: 07/11/2024
2) ഉത്തരവ് നം. ആ.വ.ഡ./10082/2024- ഇഡി3, തീയതി: 08/03/2025
3) OA No. 541/2025 - ന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഇടക്കാല ഉത്തരവ്, തീയതി : 25/03/2025.
4) ഉത്തരവ് നം. ആ.വ.ഡ./3714/2025- ഇഡി3, തീയതി: 07/05/2025
5) ഉത്തരവ് നം. ഇസി2/25679/2024/ആ.വ.ഡ, തീയതി: 07/05/2025

## ഉത്തരവ് നം. ആ.വ.ഡ./3714/2025- ഇഡി3, തീയതി: 21-05-2025

കൊല്ലം ജില്ലയിലെ കൊട്ടാരക്കര താലൂക് ആസ്ഥാന ആശുപത്രിയിലെ ലെ സെക്രട്ടറി & ട്രഷറർ ആയിരുന്ന ശ്രീ. സനൻ ബി (PEN : 236299) - യെ പരാമർശം 1 പ്രകാരം സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിരുന്നു. നിലവിൽ ടിയാന് സേവനത്തിൽ പുനഃപ്രവേശനം നൽകി പരാമർശം 5 പ്രകാരം ഉത്തരവായിട്ടുണ്ട്.

ആരോഗ്യവകുപ്പ് ഡയർക്ടറുടെ പരാമർശം 2 പ്രകാരം ഉള്ള സ്ഥലം മാറ്റ ഉത്തരവ് നടപ്പാക്കുന്നതിന്മേൽ പരാമർശം 3 പ്രകാരം ഉള്ള ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ സ്റ്റേ നിലനിൽക്കുന്നതിനാൽ നിലവിൽ സീനിയർ സൂപ്രണ്ട് / ലെ സെക്രട്ടറി & ട്രഷറർ തസ്തികയിൽ ഒഴിവ് ഇല്ല. ടി സാഹചര്യത്തിൽ പരാമർശം 4 പ്രകാരം സീനിയർ സൂപ്രണ്ട് / ലെ സെക്രട്ടറി & ട്രഷറർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി കണ്ണൂർ ജില്ലയിലെ തലശ്ശേരി ജനറൽ ആശുപത്രിയിൽ നിയമിച്ച, ടി തസ്തികയിലെ ജൂനിയർ മോസ്റ്റ് ആയ ശ്രീ. ഫസലുദീൻ എം (PEN : 208660) - നെ ജൂനിയർ സൂപ്രണ്ട് തസ്തികയിലേക്ക് revert

ചെയ്തുകൊണ്ടും, അപ്രകാരം തലശ്ശേരി ജനറൽ ആശുപത്രിയിൽ ഉണ്ടാകുന്ന ലെ സെക്രട്ടറി & ട്രഷററുടെ ഒഴിവിലേക്ക് ശ്രീ. സനൻ ബി - യെ നിയമിച്ചുകൊണ്ടും ഉത്തരവാകുന്നു.

ശ്രീ. ഫസലുദീൻ എം - ന് ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നിയമനം നൽകിക്കൊണ്ടുള്ള ഉത്തരവ് ജൂനിയർ സൂപ്രണ്ട് തസ്തികയുടെ നിയമന അധികാരിയായ ആരോഗ്യവകുപ്പ് സീനിയർ അഡ്മിനിസ്ട്രേടിവ് ഓഫീസർ പുറപ്പെടുവിക്കേണ്ടതാണ് .

Signed by
Reena K J
Date: 21-05-2025 13:46:22

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്:

1. ശ്രീ. സനൻ ബി
2. ശ്രീ. ഫസലുദീൻ എം

പകർപ്പ്:
1. അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
2. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്
3. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്
4. ജില്ല മെഡിക്കൽ ഓഫീസർ, ആരോഗ്യം, കൊല്ലം / കണ്ണൂർ
5. സൂപ്രണ്ട്, താലൂക് ആസ്ഥാന ആശുപത്രി, കൊട്ടാരക്കര, കൊല്ലം / ജനറൽ ആശുപത്രി, തലശ്ശേരി, കണ്ണൂർ
6. സീനിയർ സൂപ്രണ്ട്, ഇസി സെക്ഷൻ/ ഇഡി സെക്ഷൻ, ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്
7. ഫയൽ / കരുതൽ ഫയൽ.